# മൂന്നാമത് അന്താരാഷ്ട്ര യോഗ ദിന ആഘോഷത്തില് ഡല്ഹിയിലെ നയതന്ത്രജ്ഞര് പങ്കെടുത്തു

ജൂണ് 21, 2017

മൂന്നാമത് അന്താരാഷ്ട്ര യോഗാ ദിനത്തില് ( ഐഡിവൈ ) കേന്ദ്ര വിദേശ കാര്യ മന്ത്രാലയവും ആയുഷ് മന്ത്രാലയവും സംയുക്തമായി ന്യൂഡെൽഹിയിലെ വിവിധ നയതന്ത്ര ദൌത്യങ്ങളില് നിന്നുള്ള നൂറോളം നയതന്ത്രജ്ഞർക്കായി ഒരു പ്രത്യേക യോഗ ചടങ്ങ് സംഘടിപ്പിച്ചു. ഇത്തരത്തില് ആദ്യമായാണ് വിശേഷപ്പെട്ട ഇത്തരമൊരു ചടങ്ങ് സംഘടിപ്പിക്കുന്നത് . പ്രവാസി ഭാരതീയ കേന്ദ്രത്തില് നടന്ന ചടങ്ങിന് നേതൃത്വം നൽകിയത് കേന്ദ്ര വിദേശകാര്യ മന്ത്രി (ഇഎ എം ) ശ്രീമതി സുഷമ സ്വരാജായിരുന്നു , ചടങ്ങില് കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിലെ ഉദ്യോഗസ്ഥരും പങ്കെടുത്തു .

ചടങ്ങിന്റെ തുടക്കത്തില് തന്റെ ഹ്രസ്വമായ പ്രസംഗത്തില് ജൂണ് 21 നെ അന്താരാഷ്ട്ര യോഗാ ദിനമായി ഐക്യരാഷ്ട്രസഭ പ്രഖ്യാപിക്കുവാന് 2014 ല് പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി നടത്തിയ ശ്രമങ്ങൾക്ക് ലഭിച്ച ആഗോള പിന്തുണയെ കേന്ദ്ര വിദേശകാര്യ മന്ത്രി ഓർക്കുകയുണ്ടായി . യോഗ ഇന്ത്യക്ക് മാത്രമുള്ളതല്ല മറിച്ചു ലോകത്തിനു മുഴുവന് ഉള്ളതാണെന്നും നമുക്കുള്ളിലും അതോടൊപ്പം പ്രകൃതിക്കും ലോകത്തിനും ക്ഷേമത്തിനും ഐക്യത്തിനുമാവശ്യമായ പൂർണമായ സംവിധാനമാണെന്നും മന്ത്രി പറഞ്ഞു. മനുഷ്യരാശിക്ക് ലഭിച്ച അമൂല്യമായ പൈതൃക പാരമ്പര്യം എന്ന നിലയില് യോഗയ്ക്ക് യുനെസ്കോയുടെ അംഗീകാരം നേടുവാന് അന്താരാഷ്ട്ര സമൂഹം നൽകിയ അതിഗംഭീരമായ പിന്തുണക്കും എല്ലാ രാജ്യങ്ങളിലെയും ജനപ്രീതിയാർജിച്ച സ്ഥലങ്ങളിലും ലോക തലസ്ഥാനങ്ങളിലും അന്താരാഷ്ട്ര യോഗാ ദിനം മൂന്നു വർഷമായി ഉത്സാഹപൂർവം നടത്തി വരുന്നതിലും മന്ത്രി നന്ദി രേഖപ്പെടുത്തി .

ആക്ടിംഗ് ഡീന് ഓഫ് ഡിപ്ലോമാറ്റിക് കോർപ്പ്സ്, നിരവധി രാജ്യങ്ങളിലെ സ്ഥാനപതിമാര്/ഹൈകമ്മീഷണർമാര്, നയതന്ത്രജ്ഞര് ലോകമെമ്പാടുമുള്ള ആയിരക്കണക്കിന് യോഗാ പരിശീലകരുടെ ഊർജതിനോപ്പം ശരീരം വളക്കുകയും തിരിക്കുകയും നീട്ടുകയും പ്രധാനപ്പെട്ട യോഗാസനങ്ങള് പ്രാണായാമം എന്നിവ പരിശീലിക്കുകയും ശ്വാസം തങ്ങളുടെ ചലനങ്ങൾക്കനുസരിച്ച്

സമകാലികമാക്കുകയും ചെയ്തു. വളരെയധികം ആവേശം നിറഞ്ഞ ചടങ്ങില്  അടുത്തും ദൂരെയുമുള്ള രാജ്യങ്ങളുടെ ദൌത്യങ്ങളില് ഏര്‍പ്പെട്ട നയതന്ത്രജ്ഞര് കൂട്ടമായി എത്തിയതോടെ പ്രവാസി ഭാരതീയ കേന്ദ്രത്തിലെ പ്രധാന ഓഡിറ്റോറിയം  നിറഞ്ഞു.

ലോക സമാധാനത്തില് യോഗയുടെ പ്രാധാന്യം ഊന്നി പറഞ്ഞ കേന്ദ്രവിദേശകാര്യ മന്ത്രിയുടെ വാക്കുകള്‍ക്കൊപ്പം  ഇതാദ്യമായി വിശേഷപ്പെട്ട മറ്റൊന്ന് കൂടി ചടങ്ങില് നടന്നു  - സമാധാനം , സാഹോദര്യം, ഐക്യം എന്നിവയ്ക്കുള്ള  പൌരാണികമായ പതിനൊന്നു പ്രാര്‍ഥനകള് (സംസ്കൃത ശ്ലോകങ്ങള് ) അവിടെ ചൊല്ലുകയുണ്ടായി . സമാധാനത്തിനുള്ള എല്ലാ മന്ത്രോച്ചാരണവും അവസാനിച്ചത് ശാന്തി ശാന്തി ശാന്തി എന്നായിരുന്നു

ജൂണ് 21, 2017
ന്യൂഡെല്‍ഹി